AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

# Press Release

PR . 135/2018

07.07.2018

## കാർഷിക മേഖലയിലെ അവലോകനങ്ങൾക്ക് ഇനി ഡ്രോൺ സംവിധാനം

കാർഷികമേഖലയിലെ സമയബന്ധിതവും അതിവേഗവുമുള്ള അവലോകനങ്ങൾക്ക് ഇനി മുതൽ യു.എ.എസ് (Unmanned Aerial System) ന്റെ സഹായം ഉപയോഗപ്പെടുത്തുമെന്ന് കൃഷിമന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ പറഞ്ഞു. വിളവിസ്തൃതി നിർണ്ണയം, സസ്യാരോഗ്യസംരക്ഷണം, കീടരോഗനിയന്ത്രണത്തിനുള്ള ജൈവഉപാധികളുടെ ഉപയോഗം, സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം, കൃഷിനാശനഷ്ടങ്ങളുടെ അവലോകനം തുടങ്ങി ഒട്ടനവധി മേഖലകളിൽ ഇതിന്റെ ഉപയോഗം ഫലവത്താക്കാൻ കഴിയും. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവിറോൺമെന്റ് സെന്ററിനായിരിക്കും സംസ്ഥാനത്തെ ഇതിന്റെ നിയന്ത്രണ ചുമതല. സംസ്ഥാന കൃഷിവകുപ്പ്, NESACഷില്ലോംഗ്, MIT ചെന്നൈ, IIST തിരുവനന്തപുരം, IISc ബാംഗ്ലൂർ, IIITM-K, എന്നിവരുടെ നേതൃത്വത്തിലായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ പരീക്ഷണാടിസ്ഥാനത്തിലുള്ള പറക്കൽ ഇന്നലെ സെക്രട്ടറിയേറ്റ് പരിസരത്ത് കൃഷിവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. കാർഷികോത്പാദനകമ്മീഷണർ സുബ്രതാബിശ്വാസ് ഐ.എ.എസ്, KSREC ഡയറക്ടർ ഡോ. രഘുനാഥമേനോൻ, സംസ്ഥാന വിലനിർണ്ണയബോർഡ് ചെയർമാൻ ഡോ. രാജശേഖരൻ തുടങ്ങി വിവിധ സാങ്കേതിക സ്ഥാപനങ്ങളിലെ പ്രതിനിധികളടക്കം ഇതു സംബന്ധിച്ച വിശദമായ ചർച്ചയും മന്ത്രി നടത്തുകയുണ്ടായി.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
Website: www.fibkerala.gov.in Email:fibtvm@gmail.com
Telephone: 0471 2317314